# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2023

## ജനറൽ സ്പോട്ട് അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

1. **എന്താണ് സ്പോട്ട് അലോട്ട്മെന്റ് ?**

ഡിഗ്രി കോഴ്സുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിലേക്കായി മേഖലാടിസ്ഥാനത്തിൽ ഒരു കേന്ദ്രത്തിൽ വച്ച് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയാണ് സ്പോട്ട് അലോട്ട്മെന്റ്.

2. **ജനറൽ സ്പോട്ട് അലോട്ട്മെന്റിൽ ആർക്കൊക്കെ പങ്കെടുക്കാം ?**

നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. (നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികളെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ, ഒഴിവുള്ള പക്ഷം അലോട്ട്മെന്റ് പ്രോസസിലേക്ക് പരിഗണിക്കുന്നതാണ്.)

3. **സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുമോ ?**

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതുകൊണ്ട് മാത്രം അലോട്ട്മെന്റ് ലഭിക്കണമെന്നില്ല. ഒഴിവുള്ള കോളേജ് /കോഴ്സുകളിലേക്ക്

അലോട്മെന്റ് ലഭിക്കാനാവശ്യമായ ഇൻഡക്സ് മാർക്ക്, റിസർവേഷൻ തെളിയിക്കുന്നതിലേക്കായുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിദ്യാർത്ഥികളുടെ കൈവശം ഉണ്ടെങ്കിൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

4. **എന്താണ് സീറ്റ് കൺവേർഷൻ ?**

നിലവിലെ റിസർവേഷൻ മാനദണ്ഡ പ്രകാരം ഓരോ വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റിവച്ചിരിക്കുന്ന സീറ്റുകൾ അവരുടെ അഭാവത്തിൽ ഒഴിവ് വരുന്ന പക്ഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹരായ മറ്റ് വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റി നൽകുന്നു.(വിശദ വിവരങ്ങൾക്ക് പ്രോസ്പക്ടസ് പരിശോധിക്കുക)

5. **നിലവിൽ അഡ്മിഷൻ ലഭിച്ചവർക്ക് അലോട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കുമോ ?**

പങ്കെടുക്കാവുന്നതാണ്, എന്നാൽ **വിദ്യാർത്ഥി പങ്കെടുത്ത അലോട്ട്മെന്റിൽ നൽകിയ ആദ്യ അഞ്ച് ഓപ്ഷനുകളിൽ ഏതെങ്കിലും ഒരു കോളേജിൽ അഡ്മിഷൻ ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ( എസ് സി / എസ് ടി വിഭാഗക്കാർ ഒഴികെ ) ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.**

6 **സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുവാൻ വരുന്നവർ എന്തൊക്കെ ഡോക്യുമെന്റ്സ് കൊണ്ടുവരണം ?**

രജിസ്ട്രേഷൻ നടത്തിയ പ്രൊഫൈലിന്റെ പ്രിന്റൗട്ട്, യോഗ്യത, ജാതി ((Non-creamy Layer Certificate for SEBC Candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates) എന്നിവ തെളിയിക്കുന്ന

സർട്ടിഫിക്കറ്റുകളുടെ അസ്സൽ / പകർപ്പുകൾ നിർബന്ധമായും കൈയിൽ കരുതേണ്ടതാണ്.

**7 എന്ത് അടിസ്ഥാനമാക്കിയാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത് ?**

റിസർവേഷൻ കാറ്റഗറിയിൽ പ്രസ്തുത റിസർവേഷൻ അർഹമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും ഇൻഡക്സ് മാർക്കിന്റേയും അടിസ്ഥാനത്തിലും മറ്റ് സീറ്റുകളിൽ ഇൻഡക്സ് മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തപ്പെടുന്നത്.

**8 എന്താണ് ഇൻഡക്സ് മാർക്ക് ?**

ഓരോ വിഷയത്തിന്റേയും ഇൻഡക്സ് മാർക്ക് വിദ്യാർത്ഥിയുടെ ഓൺലൈൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാണ്.

**9 വേക്കൻസി പൊസിഷൻ എവിടെ നിന്ന് ലഭിക്കും?**

അഡ്മിഷൻ വെബ് സൈറ്റിന്റെ ഹോം പേജിൽ ( https://admissions.keralauniversity.ac.in/ug2023/) എന്ന ലിങ്കിൽ ലഭ്യമാക്കിയിട്ടു്.

**10 സ്പോട്ട് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥിക്ക് അതേ അലോട്ട്മെന്റിൽ മറ്റ് സീറ്റുകളിലേക്ക് പ്രവേശനം ലഭിക്കുമോ ?**

ഇല്ല. ( ഒരു സോണിൽ അലോട്ട്മെന്റ് ലഭിക്കുന്നവരെ മറ്റൊരു സോണിലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.)

**11 സ്പോട്ട് അലോട്ട്മെന്റിന് പുതിയ ഓപ്ഷൻ നൽകേണ്ടതുണ്ടോ ?**

നൽകേണ്ടതില്ല. നിലവിൽ പ്രൊഫൈലിലുള്ള എല്ലാ കോഴ്സ് ഓപ്ഷനുകളും  സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. (കോളേജ് മാനദണ്ഡമല്ല.)